# ഇസ്‌ലാം

## അഹ്ലുസ്സുന്നത്തി വൽജമാഅ | വഹാബിസം | തബ്ലീഗ് ജമാഅത്ത് | ജമാഅത്തെ ഇസ്‌ലാമി

ഉവൈസ് അദനി വെട്ടുപാറ

SUNNAH CLUB

Click to follow us:

Sunnahclub.in

# ഇസ്‌ലാം

മനുഷ്യന്റെ ഇഹപര വിജയത്തിന് ശ്രേഷ്ഠാവാമായ അല്ലാഹു സംവിധാനിച്ച സംവിധാനമാണ് ഇസ്‌ലാം. ലോകാന്ത്യം വരെയുന്ന ള്ളവർക്ക് അതിന്റെ നിയമങ്ങൾ ഉൾകൊള്ളാനും സ്വീകരിക്കാനും പാകത്തിലാണ് അവൻ സംവിധാനിച്ചിരിക്കുന്നത്.

ആദിമ മനുഷ്യനായ ആദം നബി (അ) ലൂടെ സമാരംഭം കുറിച്ച് മുഹമ്മദ് നബി (സ്വ) തങ്ങളിലൂടെ അത് പൂർത്തിയാക്കുകയും ചെയ്തു. ഏതൊരു ഒറിജിനലിനും വ്യാജമുണ്ടെന്നത് പോലെ പരിശുദ്ധ ഇസ്‌ലാമിലും ഒരു പാട് വ്യാജന്മാർ ഉണ്ട്. ആദരവായ പ്രവാചകർ നേരത്തെ തന്നെ നമുക്കത് ഉണർത്തി തന്നിട്ടുണ്ട്. ഇസ്ലാമിൻറെ പേരിൽ വ്യത്യസ്ത്തങ്ങളായ കാലഘട്ടങ്ങളിൽ വ്യത്യസ്ത്ത കക്ഷികൾ അവതരിച്ചിട്ടുണ്ട്. സ്വഹാബത്തിന്റെ കാലത്ത് തന്നെ ഇസ്ലാം എത്തിച്ചേർന്ന നമ്മുടെ കൊച്ചു കേരളത്തിലും അനവധി കക്ഷികൾ ഉദയം ചെയ്തിട്ടുണ്ട്. യഥാർത്ഥ പാതയിലുള്ള കക്ഷികളെ സംബന്ധിച്ചാണ് അഹ്ലുസ്സുന്നത്തി വൽ ജമാഅ എന്ന് പരിചയപ്പെടുത്തുക.

# അഹ്‌ലുസ്സുന്നത്തി വൽജമാഅ

അഹ്‌ലുസ്സുന്ന എന്നാൽ നബിചര്യ അംഗീകരിക്കുന്നവർ എന്നും വൽജമാഅ എന്നാൽ സ്വഹാബത്തിന്റെ മാർഗം സ്വീകരിക്കുന്നവർ എന്നുമാണർത്ഥം. ഇസ്ലാമിന്റെ പേര് പറഞ്ഞ് 73 വിഭാഗങ്ങൾ കടന്നു വരുമ്പോൾ അതിൽ വിജയിച്ച കക്ഷിക്ക് ആദരവായ പ്രവാചകൻ നൽകിയ പേരാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅ എന്നുള്ളത്. (സുനനുത്തൂർമുദി 2641, ഇഹ്‌യാ ഉലൂമുദ്ധീൻ 3/ 320)

وفي سنن الترمذي: عَنْ عَبْدِ اللَّهِ بْنِ عَمْرٍو، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «لَيَأْتِيَنَّ عَلَى أُمَّتِي مَا أَتَى عَلَى بني إسرائيل حَذْوَ النَّعْلِ بِالنَّعْلِ، حَتَّى إِنْ كَانَ مِنْهُمْ مَنْ أَتَى أُمَّهُ عَلَانِيَةً لَكَانَ فِي أُمَّتِي مَنْ يَصْنَعُ ذَلِكَ، وَإِنَّ بني إسرائيل تَفَرَّقَتْ عَلَى ثِنْتَيْنِ وَسَبْعِينَ مِلَّةً، وَتَفْتَرِقُ أُمَّتِي عَلَى ثَلَاثٍ وَسَبْعِينَ مِلَّةً، كُلُّهُمْ فِي النَّارِ إِلَّا مِلَّةً وَاحِدَةً»، قَالُوا: وَمَنْ هِيَ يَا رَسُولَ اللَّهِ؟ قَالَ: «مَا أَنَا عَلَيْهِ وَأَصْحَابِي(1)

**وفي احياء علوم الدين:** فإنه عليه السلام لما قال الناجي منها واحدة قالوا يا رسول الله ومن هم قال أهل السنة والجماعة فقيل ومن أهل السنة والجماعة قال ما أنا عليه وأصحابي(2)

(1) سنن الترمذي/ رقم الحديث 2641/ باب مَا جَاءَ فِي افْتِرَاقِ هَذِهِ الأُمَّةِ

(2) إحياء علوم الدين للإمام الغزالي ٣/ ٢٣٥

sunnahclub.in

അന്ത്യ ദിനത്തിനെ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: 'ചിലയാളുകളുടെ മുഖം ആ ദിവസം പ്രകാശിക്കുകയും ചിലരുടെ മുഖം ഇരുളുകയും ചെയ്യും' (ആലു ഇംറാൻ 106) ഈ ആയത്ത് വിശദീകരിച്ചുകൊണ്ട് ഖുർആൻ വ്യാഖ്യാതാക്കളുടെ നേതാവായ ഇബ്നു അബ്ബാസ് (റ) പറയുന്നു: അന്ത്യദിനത്തിൽ പ്രകാശിക്കുന്ന മുഖം അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ മുഖമാണ്. ഇരുളുന്ന മുഖം ബിദ്അത്തിന്റെ കക്ഷികളുടേതുമാണ്. (തഫ്സീർ ഇബ്നു കസീർ 2/92)

**وفي تفسير ابن كثير:** يعْنِي: يَوْمَ الْقِيَامَةِ، حِينَ تَبْيَضُّ وُجُوهُ أَهْلِ السُّنَّةِ وَالْجَمَاعَةِ، وَتَسْوَدُّ وُجُوهُ أَهْلِ البِدْعَة وَالْفُرْقَةِ، قَالَهُ ابْنُ عَبَّاسٍ، رَضِيَ اللَّهُ عَنْهُمَا[3]

## ആരാണ് അഹ്ലുസ്സുന്ന ?

ഇന്ന് ഇസ്‌ലാമിന്റെ പേര് പറഞ്ഞ് കടന്നു വരുന്ന എല്ലാ വിഭാഗങ്ങളും തങ്ങളാണ് അഹ്‌ലുസ്സുന്ന എന്ന് വാദിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ആരാണ് അഹ്ലുസ്സുന്ന എന്ന ചോദ്യത്തിന് ഇമാം മുനാവി (റ) കൃത്യമായ മറുപടി പറയുന്നുണ്ട്: ഞങ്ങളാണ് അഹ്‌ലുസ്സുന്ന എന്ന് വാദിക്കൽ കൊണ്ട് ഒരാളും അഹ്ലുസ്സുന്നത്തി വൽജമാഅയിൽ പെട്ടവരാകില്ല. മറിച്ച് പരിശുദ്ധ ദീനും ഹദീസുകളും നമുക്ക് കൈമാറി തന്ന മുൻഗാമികളായ സ്വഹാബത്ത്, താബിഈങ്ങൾ, ഇമാം ബുഖാരി, ഇമാം മുസ്‌ലിം അടക്കമുള്ള മുഹദ്ദിസുകൾ, ഇമാം ഖത്വാബി, ഇമാം ബഗവി, ഇമാം നവവി പോലോത്ത മഹത്തുക്കളായ അഇമ്മത്തുകൾ എന്നിവരെ പിൻപറ്റുന്നവരും അംഗീകരിക്കുന്നവരുമാണ് യഥാർത്ഥത്തിൽ അഹ്ലുസ്സുന്ന.(ഫയ്ളുൽ ഖദീർ / ഇമാം മുനാവി 7/ 26, 27) നമ്മുടെ നാട്ടിലുള്ള ബിദ്അത്തിന്റെ കക്ഷികൾ

---

(3) تفسير القرآن العظيم للحافظ ابن كثير 2/ 79

ആരും തന്നെ മഹത്തുക്കളായ മുൻഗാമികളെ വേണ്ട രൂപത്തിൽ അംഗീകരിക്കുന്നവരോ പിൻപറ്റുന്നവരോ അല്ല. മറിച്ച് അവരെ തള്ളി ക്കളയുന്ന വരും ആക്ഷേപിക്കുന്നവരുമാണ്.

قال الإمام المناوي: (فإن قيل) ما وثوقك بأن تلك الفرقة الناجية هي أهل السنة والجماعة مع أن كل واحد من الفرق يزعم أنه هي دون غيره؟ قلنا ليس ذلك بالادعاء والتثبت باستعمال الوهم القاصر والقول الزاعم بل بالنقل عن جهابذة هذه الصنعة وأئمة أهل الحديث الذين جمعوا صحاح الأحاديث في أمر المصطفى صلى الله عليه وسلم وأحواله وأفعاله وحركاته وسكناته وأحوال الصحب والتابعين كالشيخين وغيرهما الثقات المشاهير الذين اتفق أهل المشرق والمغرب على صحة ما في كتبهم وتكفل باستنباط معانيها وكشف مشكلاتها كالخطابي والبغوي والنووي جزاهم الله خيرا ثم بعد النقل ينظر إلى من تمسك بهديهم واقتفى أثرهم واهتدى بسيرتهم في الأصول والفروع فيحكم بأنهم هم وفيه كثرة أهل الضلال وقلة أهل الكمال والحث على الاعتصام بالكتاب والسنة ولزوم ما عليه الجماعة(4)

അഹ്ലുസ്സുന്നക്ക് തിരുനബി (സ്വ) വരെ ഇമാം മുന മുനാവി (റ) പരിചയപ്പെടുത്തിയ മഹാരഥന്മാരെ പോലോത്ത പണ്ഡിതന്മാരിലൂ ടെ കണ്ണിമുറിയാത്ത ഒരു പരമ്പര പറയാൻ സാധിക്കും. എന്നാൽ ബിദ്അത്തിന്റെ കക്ഷികൾക്ക് ഈ രൂപത്തിൽ അവർക്ക് തന്നെ സ്വീ കാര്യമായ ഒരു പരമ്പര പറയാൻ സാധിക്കുമോ ?

ഇമാം ഇബ്നു ഹജർ അൽ ഹൈതമി (റ) സബത്തിൽ പറയു ന്നത് കാണൂ: 'ബിദ്അത്തിന്റെ കക്ഷികൾക്ക് ആർക്കും തന്നെ കൃത്യമായ ഒരു പരമ്പര പറയാൻ സാധിക്കില്ല എന്നത് എനിക്ക് പരിശോധിച്ചു ബോധ്യപ്പെട്ട ഒരു കാര്യമാണ്. ഹദീസുകളും ഫിഖ്ഹി യ്യായ മസ്അലകളും പറയാൻ അവലംബമായി ഒന്നോ രണ്ടോ പരമ്പരകൾ മാത്രമേ ബിദ്അത്തുകാർക്ക് പറയാൻ സാധിക്കൂ' **(സ ബത്ത് / ഇമാം ഇബ്നു ഹജരിൽ ഹൈതമി 50)**

---

(4) فيض القدير للإمام المناوي 2/ 26،27

sunnahclub.in

**وفي ثبت للإمام ابن جحر:** ومن عجيب الاستقراء: أنه كُشِفَ لي أن ذوي البدع الاعتقادية فاتَهُم هذا الاتصالُ من أصله، فلا يَرْوُون حديثاً ولا يذكرون مسألة فقهية عن أحد من أَئمتهم إلا مجرَّدَ تقليد لواحد أو اثنين، وأما لو طَلَبتَ منه اتصالاً بسند معروف أو طريق موصوف لم يستطع لذالك سبيلا(5)

## പാരമ്പര്യം സുന്നികൾക്ക് മാത്രം

സുന്നികൾ ചെയ്ത്ത് പോരുന്ന സർവ്വ കർമ്മങ്ങൾക്കും കൃത്യമായി അടിസ്ഥാനം വിശുദ്ധ ഖുർആനിൽ നിന്നും തിരു ഹദീസിൽ നിന്നും പണ്ഡിത വിശദീകരണത്തോടെ ബോധ്യപെടുത്താൻ സുന്നികൾക്ക് സാധിക്കും. ഇതിന് പുറമെ മഹാരഥൻമാരിലൂടെ കണ്ണി മുറിയാത്ത കൃത്ത്യമായ പരമ്പരയും സുന്നികൾക്ക് പറയാൻ സാധിക്കും. ബിദ് അത്തിന്റെ കക്ഷികളെല്ലാം രംഗത്ത് വരുന്നത് പൂർവ്വ സൂരികളെ ത ള്ളി പറഞ്ഞു കൊണ്ടാണ്. യഥാർത്ഥത്തിൽ മുൻഗാമികളെ തള്ളിപ്പ റയൽ ദീനിനെ തള്ളിപ്പറയുന്നതിന് സമാനമാണ്. തവസ്സുലുമായി ബന്ധപ്പെട്ട ഒരു ചർച്ചയിൽ അല്ലാമ ബാഅലവി പറയുന്നതായി കാ ണാം: നമുക്ക് തവസ്സുൽ നമ്മുടെ ടെ മശാഇഖന്മാരിൽ നിന്നും അവ ർക്ക് അവരുടെ മശാഇഖന്മാരിൽ നിന്ന് എന്നിങ്ങനെ കൈമാറ്റം ചെയ്യപ്പെട്ടു പോന്ന ഒരു കർമ്മമാണ്. അവരാണ് ശരീഅത്ത് നമുക്ക് കൈമാറി തന്നതും പഠിപ്പിച്ചതും. ചില വിഡ്ഢികൾ വാദിക്കുന്നത് പോ ലെ ഇവരെല്ലാവരും കാഫിറുകളാണെന്ന് പറയുകയാണെങ്കിൽ പരിശുദ്ധമായ മുഹമ്മദിയ്യ ശരീഅത്ത് തന്നെ ബാത്ത്വിലായി പോ കും. **(ബിഗ്‌യത്തുൽ മുർശിദീൻ / അല്ലാമ ബാ അലവി 639)**

قال الإمام عبد الرحمن باعلوي: (مسألة): التوسل بالأنبياء والأولياء في حياتهم وبعد وفاتهم مباح شرعاً ، كما وردت به السنة الصحيحة، كحديث آدم عليه السلام حين عصى، وحديث من اشتكى عينيه، وأحاديث الشفاعة، والذي تلقيناه عن مشايخنا وهم عن مشايخهم وهلم جرا، أن ذلك جائز ثابت في أقطار البلاد وكفى بهم

(5) ثبت الإمام شيخ الإسلام ابن حجر الهيتمي 58

أسوة، وهم الناقلون لنا الشريعة، وما عرفنا إلا بتعليمهم لنا، فلو قدّرنا أن المتقدمين كفروا كما يزعمه هؤلاء الأغبياء لبطلت الشريعة المحمدية(6)

## മുൻഗാമികളെ പിൻപറ്റാതിരിക്കൽ ഖിയാമത്ത് നാളിന്റെ അടയാളം

അഹ്‌ലുസ്സുന്ന മഹത്തുക്കളായ മുൻഗാമികളെ പിന്തുടർന്ന് കർമശാസ്ത്രത്തിൽ  നാലാലൊരു മദ്ഹബും വിശ്വാസ ശാസ്ത്രത്തിൽ രണ്ടാലൊരു മദ്ഹബും അംഗീകരിക്കുന്നവരാണ്. ഈ രൂപത്തിൽ ഒരു അനുധാവനം ബിദ് അത്തുകാരിൽ നമുക്ക് കാണാൻ സാധിക്കില്ല. മുൻഗാമികളെ പിന്തുടരാതിരിക്കൽ അന്ത്യനാളിന്റെ അടയാളമായിട്ടാണ് പ്രവചകർ പഠിപ്പിക്കുന്നത്. ഇമാം സുയൂത്വി (റ) ജാമിഉസ്സഗീറിൽ ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം:

ബിദ്അത്ത് പ്രകടമാവുകയും ഈ സമൂഹത്തിന്റെ അവസാനത്തിലുള്ളവർ മുൻഗാമികളെ ആക്ഷേപിക്കുകയും ചെയ്താൽ അറിവുള്ളവർ അറിവ് പ്രചരിപ്പിക്കണം'

**وفي الجامع الصغير:** إِذا ظَهَرَتِ البِدَعُ وَلَعَنَ آخِرُ هَذِه الأُمَّةِ أَوَّلَها فَمَنْ كانَ عِنْدَهُ عِلْمٌ فَلْيَنْشُرْهُ فإِنَّ كاتِمَ العِلْمِ يَوْمَئِذٍ كَكاتِمِ مَا أَنْزَلَ الله على محمد[7].

ഈ ഹദീസ് വിശദീകരിച്ചു കൊണ്ട് മഹത്തുക്കളായ പണ്ഡിതർ രേഖപ്പെടുത്തുന്നത് കാണാം, മുൻഗാമികളെ ലഅനത്ത് (ആക്ഷേപിക്കുക) ചെയ്യുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് "സൽകർമ്മങ്ങളിൽ അവരെ പിൻപറ്റാതിരിക്കുക" എന്നതാണ്.

മദ്ഹബ് നിഷേധവും മുൻഗാമികളാൽ കൈമാറ്റം ചെയ്യപ്പെട്ട് പോരുന്ന സൽകർമ്മങ്ങൾ ചെയ്യാതിരിക്കലും, അവരെ അംഗീകരി

(6) بغية المسترشدين 639

(7) الجامع الصغير للإمام السيوطي/ رقم الحديث 1602

sunnahclub.in

ക്കാതിരിക്കലും, പിൻപറ്റാതിരിക്കലും ഈ ഹദീസിന്റെ പരിധിയിൽ പെടുമെന്നത് വ്യക്തമാണ്.

## ഹദീസ് ഓതി ജനങ്ങളെ വഞ്ചിക്കുന്നവർ

ഇമാം മുസ്ലിം (റ) ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഒരു ഹദീസാണ് താഴെ നൽകുന്നത്. 'അവസാന കാലഘട്ടത്തിൽ നിങ്ങളോ നിങ്ങളുടെ പിതാക്കൻമാരോ കേൾക്കാത്ത കള്ള ഹദീസുമായി ചിലയാളുകൾ വരും. നിങ്ങൾ അവരെ സൂക്ഷിക്കുക' **(സ്വഹീഹു മുസ്‌ലിം: 2700)**

**وفي صحيح مسلم:** عن أبي هريرة رضي الله قال: قَالَ رَسُولُ اللَّهِ صلى الله عليه وسلم يَكُونُ فِى آخِرِ الزَّمَانِ دَجَّالُونَ كَذَّابُونَ يَأْتُونَكُمْ مِنَ الأَحَادِيثِ بِمَا لَمْ تَسْمَعُوا أَنْتُمْ وَلاَ آبَاؤُكُمْ فَإِيَّاكُمْ وَإِيَّاهُمْ لاَ يُضِلُّونَكُمْ وَلاَ يَفْتِنُونَكُمْ[8]

ഈ ഹദീസ് വിശദീകരിച്ച് ഇമാം ത്വീബി (റ) പറയുന്നത് കാണാം: ഞങ്ങൾ പണ്ഡിതന്മാരും മശാഇഖൻമാരും നിങ്ങളെ പരിശുദ്ധ ദീനിലേക്ക് നയിക്കുന്നവരുമാണെന്ന് പറഞ്ഞ് ഒരു വിഭാഗം ആളുകൾ ഈ സമൂഹത്തിൽ വരും, അവർ കള്ളന്മാരാണ്. അവർ നിങ്ങളോട് സംസാരിക്കുക കള്ള ഹദീസുകൾ കൊണ്ടായിരിക്കും. നിങ്ങൾക്കിടയിൽ തെറ്റായ വിധികളും പിഴച്ചതായ വിശ്വാസങ്ങളും കൊണ്ടുവരും. **(അൽ കാശിഫ് / ഇമാം ത്വീബി 2/ 261)**

**قال الإمام الطيبي:** قوله: ((الدجالون)) المزورون الملبسون، سمى دجالا لتمويهه على الناس، وتلبيسه الباطل بما يشبه الحق. يقال: دجل إذا موه ولبس. ((تو)): يقول: سيكون جماعة يقولون للناس: نحن علماء ومشايخ، وندعوكم إلى الدين، وهم كاذبون في ذلك، ويتحدثون بالأحاديث الكاذبة، ويبتدعون أحكاماً باطلة، واعتقادات فاسدة[9]

---

(8) صحيح مسلم/ رقم الحديث: 7

(9) الكاشف عن حقائق السنن للإمام الطيبي ٢/ ٦٢١

sunnahclub.in

പൂർവ്വസൂരികളായ പണ്ഡിത മഹത്തുക്കൾ അംഗീകരിച്ചു പോരുന്ന പല കർമ്മങ്ങളെയും ശിർക്കും ബിദ് അത്തുമാക്കുന്ന നമ്മുടെ നാട്ടിലെ ബിദ്അത്തുക്കാരും ഈ ഹദീസിന്റെ പരിധിയിൽ പെടുമെന്ന് ഇമാം ത്വീബി (റ) ഹവിൻ്റെ ഈ വിശദീകരണം നമ്മെ പഠിപ്പിക്കു ന്നുണ്ട്.

# വഹാബിസം

നമ്മുടെ നാടുകളിൽ ഏറ്റവും കൂടുതൽ ചിദ്രത പരത്തിയ ഒരു സംഘമാണ് വഹാബിസം. വിശ്വാസപരമായും കർമ്മപരമായും പാരമ്പര്യമായി സുന്നി സമൂഹം പുലർത്തി പോന്നിരുന്ന ചൈതന്യങ്ങളെ ശിർക്കും കുഫ്റും ബിദ് അത്തും ആരോപിച്ച് വികൃതമാക്കുകയായിരുന്നു ഇവർ. സ്വലാത്ത് മജ്ലിസുകളുടെയും ദിക്ർ ഹൽഖകളുടെയും റാതീബുകളുടെയും, മാല മൗലിദുകളുടെയും ഘാതകരായി മാറാൻ ഇവർ ശ്രമിച്ചു. ഉമ്മത്തിന്റെ ആത്മീയ വീര്യം കെടുത്തി എന്നെന്നും ഉമ്മത്തിനെ വിവാദങ്ങളിൽ തളച്ചിടാൻ ശ്രമിക്കുകയായിരുന്നു വഹാബികൾ. മുസ്ലിം ഉമ്മത്തിൽ രൂഢമൂലമായിരുന്ന അമ്പിയാ ഔലിയാ സ്നേഹത്തിനെ ഇല്ലായ്മ ചെയ്യാനും ഇവർ കിണഞ്ഞ് ശ്രമിച്ചു. അഹ്‌ലുസ്സുന്നയുടെ കൃത്യമായ ഇടപെടലുകളും പ്രതിരോധങ്ങളും ഇവർക്ക് വലിയ വിലങ്ങു തടിയായി നിന്നു. അങ്ങനെ അഹ്ലുസ്സുന്നയുടെ ആശയആദർശ പ്രചരണത്തിന് മുന്നിൽ വഹാബിസംഅടിപതറി ചിന്നഭിന്നമായി മാറിയിരിക്കുകയാ ണ്. വഹാബിസം ഹിജ്റ 700 കളിൽ ഇബ്നു തൈമിയ്യയിൽ നിന്നാരംഭിച്ച്പിന്നീട് ഇബ്നു അബ്ദിൽ വഹാബിലൂടെ ശക്തി പ്രാപിക്കുകയാണ് ഉണ്ടായത്.

# തബ്ലീഗ് ജമാഅത്ത്

ഇബ്നു അബ്ദിൽ വഹാബിൻ്റെ ആശയങ്ങൾ ഏറ്റു പിടിച്ചു കൊണ്ട് ഇന്ത്യയിൽ രൂപീകൃതം കൊണ്ട ഒരു വഹാബി സംഘമാണ് തബ്ലീഗ് ജമാഅത്ത്. ഹി: 1363 ൽ മരണപ്പെട്ട ശാഹ് മുഹമ്മദ് ഇൽയാസ്കാന്തലവിയാണ് തബ്‌ലീഗ് പ്രസ്ഥാനത്തിൻ്റ സ്ഥാപകൻ. ഹിജ്റ 1303 ൽ ജനിച്ചമുമ്മദ് ഇൽയാസ് ഇതിൻ്റെ സ്ഥാപകനാണെങ്കിലും അദ്ദേഹം കർമരംഗത്ത്വരുന്നതിൻ്റെ നൂറ് വർഷം മുമ്പ് തന്നെ ഇതിന്റെ ചരിത്രം തുടങ്ങുന്നുണ്ട്. ഹി: 1246 ൽ മരണപ്പെട്ട ഇസ്മാഈൽ ദഹ്‌ലവിയാണ് ഇവരുടെ ആശയ കേന്ദ്രം. പിന്നീട് റശീദ് അഹ്മദ് ഗാങ്കോഹി, അഷ്റഫ് അലി ഥാനവി ഖലീൽ അഹ്മദ് അമ്പെട്ടവി, മുഹമ്മദ് ഇൽയാസ് എന്നി വരാണ് ഇതിന്റെ പ്രചരണംഏറ്റെടുത്തത്അകംനിറയെവഹാബിസവും പ്രവാചകനിന്ദയും പ്രത്യക്ഷത്തിൽ സദ്വൃത്തരുടെ വേഷവുമായി നടക്കുന്ന ഒരു പ്രസ്ഥാനമാണിവർ.

## രൂപീകരണവും സ്വപ്ന കഥകളും

മുഹമ്മദ് ഇല്യാസ് തബ്‌ലീഗ് പ്രവർത്തനം ആരംഭിച്ച സന്ദർഭം നേതാവായ നദ്‌വി എഴുതുന്നുണ്ട്: രണ്ടാം ഹജ്ജ് കഴിഞ്ഞ് വന്ന ശേഷമാണ് ഇല്യാസ് ജമാഅത്ത് ആരംഭിച്ചത്. അതിന് കാരണം തബ്‌ലീഗ് ജമാഅത്ത് എന്ന പ്രസ്ഥാനം തുടങ്ങാൻ ഇദ്ദേഹം ചില സ്വപ്നങ്ങൾ കണ്ടത്രെ. സ്വപ്നത്തിലൂടെ ഇദ്ദേഹത്തിന് പല വലിയ

sunnahclub.in

വിജ്ഞാനം ലഭിക്കുന്നുണ്ടെന്ന് ഇദ്ദേഹം വാദിച്ചിരുന്നു.അതിനാൽ കൂടുതൽ സ്വപ്നം കാണാൻ ഊഷ്ണ കാലാവസ്ഥയിൽ വൈദ്യരെ കണ്ടു തലയിൽ എണ്ണ മാലീസിട്ടായിരുന്നു ഇദ്ദേഹം ഇറങ്ങിയിരുന്നത്. സ്വപ്നത്തിലൂടെ നുബുവത്തിന്റെ ഭാഗമായുള്ള ശരിയായ വലിയ വിജ്ഞാനം വരെ ഇദ്ദേഹത്തിന് നൽകപ്പെട്ടിരുന്നു എന്ന് ഇദ്ദേഹം വാദിച്ചിരുന്നു. (മകാതീബ്) ഒരു മുസ്ലിം പ്രഥമ ദൃഷ്ടിയാൽ തന്നെ പറയാനോഎഴുതാനോധൈര്യപ്പെടാത്തപലതും ഇവർ സ്വപ്നത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കാറുണ്ട്. തിരുനബി (സ്വ) ഉറുദു പഠിച്ചത് ദയൂബന്ദിൽ നിന്നാണെന്ന് വരെ ഇവർ പറഞ്ഞിരുന്നു.

## തബ്ലീഗ് ജമാഅത്തും വഹാബിസവും

ഇല്യാസിന്റെ ആശയ സ്രോതസ്സും പ്രധാന ഗുരുവര്യനും ആൺ റഷീദ് അഹമ്മദ് ഗങ്കോഹി. ഇല്യാസ് തൻ്റെ പതിനൊന്നാമത്തെ വയസ്സിൽ ഗങ്കോഹിയോട് കൂടെ കൂടിയിട്ടുണ്ട്. 10 വർഷത്തോളം ഗങ്കോഹിയുടെ ശിഷ്യത്വം ഇല്യാസ് സ്വീകരിച്ചിട്ടുണ്ട്. ഗങ്കോഹിയെ മുജദ്ദിദും ഖുത്വബുമായിട്ടാണ് ഇല്യാസ് പരിചയപ്പെടുത്തുന്നത്. (മൽഫൂളാത്ത് 122) റഷീദ് അഹമ്മദ് ഗങ്കോഹിയുടെ പ്രധാന ഗ്രന്ഥമായഫതാവാറഷീദിയ്യയിൽവഹാബിനേതാവ് ഇബ്നു അബ്ദുൽ വഹാബിനെ പരിചയപ്പെടുന്നത് ഇങ്ങനെയാണ്.

ചോദ്യം: ഇബ്നുഅബ്ദുൽ വഹാബ്നജ്ദി എങ്ങനെയുള്ള ആളായിരുന്നു ?

ഉത്തരം: ഇബ്നു അബ്ദുൽ വഹാബിനെ ജനങ്ങൾ വഹാബി എന്ന് വിളിക്കുന്നു. അദ്ദേഹം നല്ല മനുഷ്യനായിരുന്നു. ഹമ്പലി മദ്ഹബ് സ്വീകരിക്കുന്നവനാണെന്ന്കേട്ടിരുന്നു.ഹദീസ് അനുസരിച്ച് പ്രവർത്തിക്കുന്നയാളുംശിർക്ക്,ബിദ്അത്തുകളെതടയുന്ന ആളുമായിരുന്നും പരുഷസ്വഭാവാം ഇദ്ദേഹത്തിന്റ്റെ പ്രകൃതിയായിരുന്നു

ഇതേ വിഷയത്തിൽ തന്നെ തൊട്ടടുത്ത ചോദ്യത്തിന്റെ മറുപടിയിൽഇങ്ങനെ കാണുന്നു: "മുഹമ്മദുബ്നുഅബ്ദുൽ വഹാബിനെപിൻപറ്റുന്നവർക്ക് വഹാബിഎന്ന് പറയുന്നു. അവരുടെ വിശ്വാസം ശരിയായതാണ്." (**ഫതാവാ റഷീദിയ്യഃ പേജ്: 280**)

അസംഖ്യം സുന്നീ പണ്ഡിതരെയും പൊതുജനങ്ങളെയും കൊലപ്പെടുത്തുകയും ഖബർ പൂജകരെന്ന് പറഞ്ഞ് മുശ്രിക്കുകൾ ആയിചിത്രീകരിക്കുകയുംചെയ്തസുന്നീവിരുദ്ധരിൽഏറ്റവും മുൻപന്തിയിൽനിൽക്കുന്നവഹാബിനേതാവിനെയാണ് ഗാംങ്കോഹി വെള്ള പൂശുന്നതും അദ്ദേഹത്തിന്റെയും അനുയായികളുടെയും വിശ്വാസം നല്ലതായിരുന്നുവെന്ന് മറുപടി കൊടുക്കുന്നതും.

# ജമാഅത്തെ ഇസ്‌ലാമി

1941 ൽ രൂപം കൊണ്ട ഒരു പ്രസ്ഥാനമാണ് ജമാഅത്ത് ഇസ് ലാമി. 1949 ലാണ് കേരളത്തിൽ ഈ പ്രസ്ഥാനം പ്രവർത്ത നമാരം ഭിക്കുന്നത്. 1903 സെപ്റ്റംബർ 25ന് ഹൈദരാബാദിലെ ഔറംഗാ ബാദിൽ ജനിച്ച അബു അഅലാമൗദൂദിയാണ് ജമാഅത്തെ ഇസ്ലാമി യുടെ സ്ഥാപകൻ. കേവലം പതിനൊന്നാം വയസ്സിൽ പിതാ വിന്റെ രോഗംകാരണംപഠനം അവസാനിപ്പിക്കുകയും പിന്നീട് പിതാവിന്റെ മരണശേഷം ഒരു ഗുരുവിനെയുംസമീപ്പിക്കാതെ സ്വന്തമായി പഠനം നടത്തുകയും വിശുദ്ധമായഇസ്‌ലാമിനെ തള്ളി പറയുകയും സ്വാന്ത മായി ഒരുമതംരൂപീകരിക്കുകയും ചെയ്തയാളാണ് മൗദൂദി

രൂപീകരണസമയത്ത്മൗദൂദിനടത്തിയപ്രസംഗം: പാരമ്പര്യമായി എനിക്ക് കിട്ടിയ ഇസ്‌ലാം എന്ന മാലയെ ഞാനിതാ എന്റെറെ കഴുത്തിൽ നിന്ന് പൊട്ടിച്ചെറിയുന്നു. ഞാനിതാ ഇന്നുമുതൽ പുതിയ ഇസ്‌ലാംസ്വീകരിക്കുന്നു.അശ്ഹദുഅൻലാഇലാഹ ഇല്ലല്ലാഹു(ജ.ഇ. 50-ആംവാർഷികപ്പതിപ്പ്പ്രബോ:പേ:88).

മൗദൂദിവിശേഷിപ്പിച്ചപാരമ്പര്യഇസ്‌ലാമംഏതാണ്? റസൂലു ള്ളാ ഹി സ്വല്ലല്ലാഹു അലൈഹിവസല്ലമയിൽനിന്ന് സ്വഹാബത്തും അവരി നിന്ന്താബിഈങ്ങളും പ്രചരിപ്പിച്ച ഇസ്ലാമാണല്ലോ ഈ പാ രമ്പര്യം പൊട്ടിച്ചെറിഞ്ഞ് പുതിയ മതം സ്ഥാപിക്കുകയാണ് മൗദൂദി ചെയ്തത്

മാത്രമല്ല പ്രവാചകന്മാരിൽ നിന്ന് തെറ്റുകൾ സംഭവിക്കുമെന്ന് വരെ വാദിച്ചിരുന്നു. മൗദൂദി തൻറെ തഫീമാത്തിൽ പറയുന്നത് കാണാം: അല്ലാഹു പ്രവാചകന്മാരിൽ നിന്ന് ചില സമയങ്ങളിൽ ഉദ്ദേശപൂർവ്വം സ്വന്തം സംരക്ഷണം ഉയർത്തിയിട്ട് ഒന്നോ രണ്ടോ തെറ്റുകൾ സംഭവിക്കാൻ അനുവദിക്കുന്നു മിക്ക സമയത്തും അമ്പിയാക്കൾക്ക് കൂടിദുർമന്ത്രമനസ്സിന്റെ വഴികേട് അനുഭവപ്പെട്ടിരുന്നു. (തഫ്ഹീമാത്ത്1/74).

ജമാഅത്ത് ഇസ്‌ലാമി രൂപികൃതമായത്തിന്റെ പ്രധാന 'ലക്ഷ്യം ഇസ്‌ലാമിക ഭരണംനിലവിൽ കൊണ്ടുവരുക എന്നുള്ളതാണ്. മതേതരത്വം,സ്വാഷ്യലിസം,ഡമോക്രസിതുടങ്ങിമനുഷ്യ നിർമിതമായ തത്വങ്ങൾ അനിസ്‌ലാമികമണെന്നും അത് അംഗീകരിച്ച് വോട്ട് രേഖപ്പെടുത്തൽ ശിർക്കും കുഫ്റുമാണെന്ന് വരെ ഒരുകാലത്ത് അവർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് 1985 ഫെബ്രുവരിയിൽഉണ്ടായദിവ്യസ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ മൂല്യബോധമുള്ള ആളുകൾക്ക്വോട്ട്രേഖപ്പെടുത്താം എന്ന് തീരുമാനിച്ചു.

ഇങ്ങനെ ഒരുപാട് വൈരുദ്ധ്യങ്ങളും അന്ധതകളും നിറഞ്ഞ ഒരു പ്രസ്ഥാനമാണ്ജമാഅത്ത് ഇസ്‌ലാമി. വഹാബിത്തിന്റെ ഒട്ടുമിക്കആശയങ്ങളുംജമാഅത്ത്ഇസ്‌ലാമിയിലുംനമുക്ക് കാണാവുന്നതാണ്.